തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഓരോ താലൂക്കിലെയും അഹശീൽദർ കൺവീനറായും, അവിടെ എം. എൽ. എ. മാർ, പഞ്ചായത്തു് അസിസ്റ്റൻറ് ഡയറക്ടർ, ഗവണ്മെൻറ് നോമിനേറ്റ് ചെയ്യുന്ന രണ്ടു പേർ, എന്നവർ അംഗങ്ങളും ആയും ഉള്ള ഒരു ഡിലിമിറ്റേഷൻ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് ഗവണ്മെൻറ് നിശ്ചയിച്ചിട്ടുള്ളതാണു് ഈ സംസ്ഥാനത്തിലുള്ള ഓരോ പഞ്ചായത്തിനേയും സെൻറർ.

(ബി) പഞ്ചായത്തിൻെറ സെൻറർ നിശ്ചയിക്കാൻ മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ള ഘടകങ്ങൾ താഴെ പറയുന്നവയാണു്.

(1) പഞ്ചായത്തു പ്രദേശത്തിൻെറ മദ്ധ്യഭാഗം.

(2) പൊതുജനങ്ങൾക്കും മറ്റും വന്നുചേരാനുള്ള ഗതാഗത സൌകര്യം.

(3) ഇതര ഗവണ്മെൻറ് സ്ഥാപനങ്ങളുമായുള്ള സാമീപ്യം.

(4) വ്യാവസായിക പരമായോ വാണിജ്യപരമായോ ഉള്ള പ്രാധാന്യം.

പഞ്ചായത്തു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ.

* 714. [56] ശ്രീ പി. കെ. ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പഞ്ചായത്തുഡിപ്പാർട്ടുമെൻറിൽ സെക്ഷൻ ആഫീസറന്മാർ, ഓവർസീയർമാർ തുടങ്ങി ഏതെല്ലാം വർഗ്ഗം ഉദ്യോഗസ്ഥന്മാരെ എത്ര വീതം നിയമിക്കുവാനാണു് ഉത്തരവായിട്ടുള്ളതു്, എന്നാണു് ഉത്തരവായിട്ടുള്ളതു്;

(ബി) നാളിതുവരെയായി എത്രപേരെ നിയമിച്ചു; നിയമനകാര്യത്തിൽ ഇത്രയും താമസം എന്തുകൊണ്ടാണു്;

(സി) പഞ്ചായത്തു് ഇൻസ്പെക്ടർമാരെ കൂടുതൽ നിയമിക്കുന്നതിനോ; ഇൻസ്പെക്ടർമാരുടെ ആഫീസുകളിൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നതിനോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഈ വർഷത്തിൽ കൊല്ലം ഡിസ്ട്രിക്ടിലേക്കു് ഒരു അസിസ്റ്റൻറ് ഇൻജിനീയരേയും, സ്റ്റേറ്റിലേക്കു് കൂടുതലായി 74 ഓവർസീയറന്മാരെയും 18 പഞ്ചായത്തു് ഇൻസ്പെക്ടറന്മാരെയും പുതുതായി നിയമിക്കുവാൻ 22-7-55-ൽ ഉത്തരവായിട്ടുണ്ടു്.

(ബി) മേൽപറഞ്ഞ ഉദ്യോഗങ്ങളിൽ അസിസ്റ്റൻറ് ഇൻജിനീയരെ നിയമിച്ചുകഴിഞ്ഞു. ഓവർസീയർമാരെ നിയമിക്കുന്നതിനു് പബ്ലിക് സർവ്വീസ് കമ്മീഷനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. പഞ്ചായത്തു് ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനു് നടപടി എടുത്തുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചോദ്യം (എ)യുടെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതുപോലെ 18 പഞ്ചായത്തു് ഇൻസ്പെക്ടർമാരെക്കൂടി നിയമിക്കുവാൻ ഉത്തരവായിട്ടുണ്ടു്. പഞ്ചായത്തു് ഇൻസ്പെക്ടർമാരുടെ ആഫീസുകളിൽ ക്ലറിക്കൽ സ്റ്റാഫിനെ നിയമിക്കുന്നില്ല. ഇൻസ്പെക്ടർമാർക്കു് ഇപ്പോൾ ഉള്ളതുപോലെ ഒരു ക്ലാർക്കും ഒരു ശിപായിയും പുതുതായി നിയമിക്കുന്ന ഓരോ ഇൻസ്പെക്ടർക്കും ഉണ്ടായിരിക്കും.

UNSTARRED QUESTIONS AND ANSWERS.

സ്പോർട്ട്സു്.

341. [2] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യത്തിനു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി തരുമോ :

(എ) നമ്മുടെ സംസ്ഥാനത്തു് സ്പോർട്ട്സു് അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഗവണ്മെൻറു് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(ബി) തിരുവിതാംകൂർ–കൊച്ചി ഒളിമ്പിക്കു് അസോസിയേഷനു് ഗവണ്മെൻറു് ഇതുവരെല്ലാം ഗ്രാൻറു് നൽകിയിട്ടുണ്ടു് ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം.

(എ) സ്പോർട്ട്സു് അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഒരു സ്പോർട്ട്സു് കൗൺസിൽ സ്ഥാപിച്ചിട്ടുണ്ടു്.

(ബി) ഇല്ല.

(സി) സ്പോർട്ട്സു് കൗൺസിലിൻറെ നിർദ്ദേശപ്രകാരം വിവിധ സ്പോർട്ട്സു് അസോസിയേഷനുകൾക്കു് ഗ്രാൻറു് കൊടുക്കുന്നതിനായി സ്പോർട്ട്സു് കൗൺസിൽ ബഡ്ജറിൽ തുക കൊടുത്തിട്ടുണ്ടു്. നിർദ്ദേശം കിട്ടുന്നതനുസരിച്ചു് തുകകൾ അനുവദിക്കുന്നതാണു്.

ആനത്താഴ്ച്ചിറ.

342. [4] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി തരുമോ :

(എ) തിരുവനന്തപുരം താലൂക്കിൽ അണ്ടർകോണം പകുതിയിലുള്ള ആനത്താഴ്ച്ചിറ കുഴിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഇതിനകം എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു് ;

(ബി) ഈ ചിറ കുഴിപ്പിക്കുന്നതിനു് ആവശ്യമായ എന്തെങ്കിലും നടപടി ഇതിനകം ഗവണ്മെൻറു് സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു് എന്താണെന്നു് വെളിപ്പെടുത്തുമോ?

ഉത്തരം.

(എ) എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്നു് കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

(ബി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly